"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സംസ്ഥാന കേരളോത്സവം കലാമത്സരങ്ങൾ - ഘോഷയാത്ര നടത്തിപ്പ് ചെലവിലേക്കായി തനത് ഫണ്ടിൽ നിന്നും ധനസഹായം - യഥേഷ്ടാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.3133/2022/LSGD തീയതി,തിരുവനന്തപുരം, 19-12-2022

---

പരാമർശം:- കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 14/12/2022 ലെ ഡിപികെഎൻആർ/പി/എം.ഐ.എസ്.സി-248/2022.നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാന കേരളോത്സവം കലാ മത്സരങ്ങൾ 2022 ഡിസംബർ മാസം 18 മുതൽ 21 വരെ കണ്ണൂരിൽ വച്ച് നടക്കുകയാണെന്നും 18.12.2022 വൈകുന്നേരം 5 മണിക്ക് ബഹു. മുഖ്യമന്ത്രി കലാമത്സരങ്ങളുടെ ഉദ്ഘാടനം നരിർവഹിക്കുന്നതാണെന്നും ഉദ്ഘാടന സമ്മേളനത്തിനു മുന്നോടിയായി കേരളത്തിന്റെ നവോത്ഥാനമുല്യങ്ങൾ, കലാസാംസ്കാരിക പൈതൃകങ്ങൾ എന്നിവ വിളിച്ചോതുന്ന നിലയിൽ ഘോഷയാത്ര നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും ഘോഷയാത്രയുടെ നടത്തിപ്പ് ചെലവിലേക്കായി ഗ്രാമ / ബ്ലോക്ക് പഞ്ചായത്തുകൾക്ക് 50,000 രൂപയും നഗരസഭൾക്ക് ഒരു ലക്ഷം രൂപയും ജില്ലാ പഞ്ചായത്തുകൾക്ക് 3 ലക്ഷം രൂപയും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ അവയുടെ ഭരണസമിതി തീരുമാനത്തിന് വിധേയമായി അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകുന്നതിനും പരാമർശം കത്ത് പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2022 ഡിസംബർ മാസം

18 മുതൽ 21 വരെ കണ്ണൂരിൽ വച്ച് നടക്കുന്ന സംസ്ഥാന കേരളോത്സവത്തിലെ കലാമത്സരങ്ങൾ, ഘോഷയാത്ര തുടങ്ങിയവയുടെ നടത്തിപ്പ് ചെലവിലേക്കായി കണ്ണൂർ ജില്ലയിലെ ഗ്രാമ / ബ്ലോക്ക്/പഞ്ചായത്തുകൾക്ക് 50,000(അമ്പതിനായിരം) രൂപയും നഗരസഭകൾക്ക് ഒരു ലക്ഷം രൂപയും ജില്ലാ പഞ്ചായത്തുകൾക്ക് മൂന്ന് ലക്ഷം രൂപയും തനത് ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ധനസഹായം നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംഘാടക സമിതി കൺവീനർ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SHERLI P**

സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ (പകർപ്പ് ഗ്രാമവികസന കമ്മീഷണർ മുഖേന)
ബന്ധപ്പെട്ട നഗരസഭകൾ / കോർപ്പറേഷൻ (പകർപ്പ് നഗരകാര്യ ഡയറക്ടർ മുഖേന)
പ്രസിഡന്റ്/സെക്രട്ടറി, കണ്ണൂർ. ജില്ലാ പഞ്ചായത്ത്.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ,
തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Sheeba Beegom.a.m**
**Date: 19-12-2022 15:10:56**

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്